പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഏപ്രിൽ 26, 2017

**ഡോ.പഞ്ചാബറാവു ദേശ്മുഖ് സഹകരണ ബാങ്കിന് (അമരാവതി, മുംബൈ) ഭാരതീയ റിസർവ് ബാങ്ക് പിഴ ചുമത്തിയിരിക്കുന്നു.**

കസ്റ്റമറെ തിരിച്ചറിയാനുള്ള മാനദണ്ഡവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ലംഘിച്ചതായി കണ്ടെത്തിയതിനാൽ 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം 47 എ(1) (b), 46(4) എന്നീ വകുപ്പുകൾ പ്രകാരം റിസർവ്വ് ബാങ്കിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് ഡോ.പഞ്ചാബറാവു ദേശ്മുഖ് സഹകരണ ബാങ്കിന് അഞ്ചുലക്ഷം രൂപ പിഴ ചുമത്തിയിരിക്കുന്നു.

ഭാരതീയ റിസർവ് ബാങ്ക് കാരണംകാണിക്കൽ നോട്ടീസ് നൽകുകയും അതിന്മേൽ ബാങ്ക് രേഖാമൂലം മറുപടിയും മുഖദാവിൽ വിശദീകരണങ്ങളും നല്കുകയും ചെയ്തു. വിഷയവുമായി ബന്ധപ്പെട്ട് എല്ലാ വസ്തുതകളും ബാങ്കിന്റെ മറുപടിയും വിശദീകരണങ്ങളും പരിഗണിച്ചതിനുശേഷം ബാങ്ക് നിർദ്ദേശ ലംഘനം നടത്തിയെന്നും അതിനാൽ പിഴ ചുമത്തേണ്ടതാണെന്നും ഉള്ള നിഗമനത്തിൽ ഭാരതീയ റിസർവ്വ് ബാങ്ക് എത്തി.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന: 2016-2017/2912